(ബി) ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ സെക്രട്ടറിമാരുടെ നിയമനം പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേരളാ സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിലെ ജീവനക്കാരെ യോഗ്യതയനുസരിച്ച് ജില്ലാ സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിമാരായി നിയമിക്കുവാൻ സ്പോർട്ട്സ് ആക്ടിൽ ഭേദഗതി വരുത്തുമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണയിലാണ്.

ഇടുക്കി, വയനാട് മലയോര ജില്ലകൾക്കു വേണ്ടി പ്രത്യേക സ്പോർട്സ് പാക്കേജ്

263 (1991) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, വയനാട് എന്നീ മലയോരജില്ലകൾക്കുവേണ്ടി പ്രത്യേക സ്പോർട്ട്സ് പാക്കേജ് അനുവദിക്കുമോ ;

(ബി) ഇടുക്കി ജില്ലയ്ക്ക് കളിസ്ഥലനിർമ്മാണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുമോ ;

(സി) ജില്ലയിലെ സ്പോർട്ട്സ് ഹോസ്റ്റലുകൾക്ക് കൂടുതൽ കളിയിനങ്ങൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇടുക്കി ജില്ലയിലെ സ്പോർട്ട്സ് ഹോസ്റ്റൽ തെരഞ്ഞെടുപ്പ് ജില്ലയിൽ വെച്ചുതന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

(സി) ഈ വർഷം അത്ലറ്റിക്സ്, വോളീബോൾ തുടങ്ങിയവ കൂടാതെ ജൂഡോ, ബോക്സിംഗ്, ആർച്ചറി, ഫുട്ബോൾ എന്നീ ഇനങ്ങളും ഹോസ്റ്റലുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മലപ്പുറം കോട്ടപ്പടിയിലെ സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങൾ

264 (1992) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടിയിലെ സ്റ്റേഡിയം നവീകരണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതിനകം എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) നവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും പണി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(ഡി) ജില്ലയിലെ മറ്റു സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗാലറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) 2,26,99,432 രൂപയാണ്. പദ്ധതിയുടെ അടങ്കൽ തുക ഇതിലേക്കായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇതിന്റെ ഭാഗമായി ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, ഹോസ്റ്റൽ, ടീമുകൾക്ക് താമസിക്കുന്നതിനുള്ള റൂമുകൾ, ഓഫീസ് റൂം എന്നിവ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്റർ ആരംഭിക്കുന്നതിന് പദ്ധതി

265 (1993) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തുകളിൽ ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ജിംനേഷ്യം അടക്കമുള്ള ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്റർ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിൽ ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

വയനാട്ടിലെ ആർച്ചറി അക്കാദമി

266 (1994) ശ്രീ. എം. വി.. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയ്ക്ക് അനുവദിച്ച ആർച്ചറി അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly